*How do these cells work?* It is well known that electrolisis of conducting water yields Hydrogen and Oxygen if a current is allowed to flow through the electrolyte. Conversely, if Oxygen ions are allowed to react with hydrogen ions, and the electrons created flow through an external circuit, an electric current results. Thus, a fuel cell contains two electrodes (anode and cathode) within an ion-conducting electrolyte. The anode is immersed in a hydrocarbon fuel while the cathode is exposed to air (oxygen). The fuel used is either pure hydrogen-rich fuel such as methanol or methane (natural gas). In the latter case, an onhand reformer is needed to convert the fuel into hydrogen. Hydrogen and oxygen display strong affinity to each other and this chemistry is aided by a platinum catalyst deposited on the anode and cathode. At the anode, each hydrogen molecules splits into two protons and electrons while the oxygen molecule splits into ions at the cathode. A potential difference exists between the two sides. The electrons travel externally in the circuits through a load to the cathode while the hydrogen protons make it through the electrolyte to the same area where they unite with oxygen ion and electrons to form water. The energy of this electrochemical reaction translates into a single-cell open circuit voltage of 1 volt which under load drops to 0.6 volt. To produce larger voltages, a number of cells are stacked in series. For current, the surface area of the electrodes is enhanced.



Fuel cells are classified into four major types according to the nature of electrolyte material used. In the Phosphoric Acid Fuel Cells (PAFC), platinum electrodes sandwich a silicon carbide container in which Phospheric Acid (liquid) electrolyte is stored. The fuel is Hydrogen or Hydrogen-rich material. Which is reformed catalytically into hydrogen gas. The second type, Proton Exchange Membrane Fuel Cell (PEMFC) uses a polymer electrolyte membrane to separate the oxygen and hydrogen elements and allows only positively charged ions (protons) to pass through. The third type, known as the Molten Carbonate Fuel Cell (MCFC) utilizes a molten salt as the electrolyte. Recent developments have shown great potential in yet another type of cell, the Solid Oxide Fuel Cell (SOFC), for commercialization. The electrolyte here is a solid oxide ceramic material having high ion conductivity.

In basic fuel cell has no moving parts. It is environment friendly. Hydrogen and oxygen are in, electricity out. Compare this with the nasty byproducts of the internal combustion engine-HC, CO, NO, CO2, HCHO, SO2 as against water (steam) in a fuel cell. Finally, the electrochemical nature of the fuel cell yields conversion of nearly 50% of hydrogen's energy to electricity. The analogous figure for the internal combustion of gasoline is 25%.

In this context, a comparison of fuel cell and a conventional battery (dry cell) is relevant. A dry cell stores energy in its reacting chemicals. It uses these chemicals to produce electricity on demand and retains the waste products of the reaction. On the other hand, when the fuel cell produces electricity, Its reactants and waste products do not reside within the cell. The hydrogen fuel and oxygen (air ) are stored separately and external to the fuel cell. Unlike a conventional dry cell, the fuel cell does not run down after a while. Also, a fuel cell does not require recharging often; it will continue to operated as long as both fuel and oxidant are supplied to the electrodes.

## APPLICATIONS

The current generated in a fuel cell power plant could be used to run computer, air-conditioners and electrochemical industries where waste hydrogen is available. Possible applications include welding machines, forklift trucks and tractors. They can replace Nickel-Cadmium batteries in submarines (5 kilo Watt), Light Houses (50 kilo Watt), Heavy Tractors and City Buses (50-500 kilo Watt), Light Houses (50 kilo Watt), Heavy Tractors and City Buses (50-500 kilo Watt) and cater to Stationary Power Plants (Stand-Alone Power Plants up to 10 mega Watt)

The most exciting application is that in automobiles. The major car manufacturing companies in the US (GM, Chrysler & Ford) and few japanese (Toyota, Mazda) and European (Daimler-Benz, BMW) auto makers have already intimated massive development programs on emission-free vehicles, Several states in the US now impose under the Clean Air Act Amendment that the auto-makers must produce at least 10% of their vehicles that are environment friendly by the year 2003. Fuel cell cars are expected to be 21/2 to 3 times energy efficient than petrol cars depending on whether they operate on hydrogen or methanol. Their electric facilities higher torque and higher power at low speeds. These cars will be quieter and require less maintenance than internal combustion engine cars.

The largest fuel cell plant in the world, an 11 mega Watt (MW) Phosphericacid (PAFC) fuel cell plant installed at the Tokyo Electric Power Company operated at 42% power generating efficiency and at around 200 deg C. It however, requires an energy consuming external reformer to produce hydrogen from natural gas. The PAFC will be useful in environments where there is an economic value in the relatively large proportion of waste heat produced. Such low temperature heat can be used for water heating and space conditioning. PAFC power plants in the range of 50-200 kW will have numerous applications.

The Proton Exchange Membrane fuel cell stacks will power several zero-emission buses for the Chicago Transit Authority (USA) using 275 hp (205 kW) engines powered with electric motors (650 volts D.C at 315 amps). These buses have a range of 400 km. The German auto-maker Daiimler-Benz has recently announced their intention to put the PEM fuel cell technology under the hood of 1,00,000 cars by 2005.

The Molten Carbonate fuel is being commercialized at 2-mega Watt Scale. The operating temperature for this fuel cell plant is about 650 deg C while generating a higher efficiency of 60% by internally reforming the hydrocarbon fuel to hydrogen.

Solid Oxide fuel cells presently operate at higher temperature, about 1000 deg C, with generating efficiency of about 50-55%, and total system efficiency at 80% if available waste heat is utilized. The solid electrolytes pose no material stability problems associated with those similar to the highly corrosive phosphoric acid and molten carbonate electrolytes. They are expected to have service lives greater than 10 years, nearly twice that projected with the current liquid electrolytes. Recent research studies have indicated that hydrogen can be directly stored onboard the fuel cell stack assembly in graphite nanofibres upto 3 times own weight under pressure at room temperature. Such a breakthrough will lead to cars that can run thousands of kilometers without refuelling.

## THEIR FUTURE..........

The Origin of fuel cells dates back to 1839 when William Grove demonstrated the world's first fuel cell by conducting the electrolysis 'in reverse'. It took more than a century for the fuel cell technology to take off into the space age in 1960 when they were used to supply electrical power, heat and fresh water for NASA's Gemini project that put the first astronauts into space.

Now this technology is poised to play yet another major role, in changing the way this world will source its electrical power for home and industry in the twenty first century. Fuel cells have already demonstrated their potential to be exploited. The rapid progress now taking place in the communication, transportation and power sectors will add impetus to the wide scale use of such a technology to quench our hunger for power as also the alarm concerning pollution

*Longfellow was once introduced to a man named Longworth and when the latter commented on the similarity of names, the poet said: "Here is a case, I fear, where Pope's line will apply- 'worth makes the man-want of it the fellow."*






At Anode : H2 ...........> 2H⁺(proton) ⁺ 2e- (elctron)

At Cathode : 1/2O2+2H⁺+ 2e- ———> H2O + 286 KJ/mol

In a Fuel Cell, Hydrogen's affinity to Oxygen results in a potential between the electrodes. The potential drives the electrons through external load (car motor)to the cathode where they combine with O2 molecule to form O ions. The electrical circuit is completed by flow of H+ ions through electrolyte to the cathode, where they combine with O ions to form water.

Platinum catalyst helps in ionisation and speeds up the reaction.




**System Configuration :**

- Continuous supply of Hydrogen and Oxygen gas.
- Reformer converts hydrocarbon fuel into Hydrogen gas.
- Fuel Cell Stack generates electricity (DC)
- Inverter converts Direct current (DC) to Alternating current (AC)

**Features :**

- High system efficiency (80%) with exhaust heat as hot water/steam.
- Environment-friendly power source (NO2, SO2, Dust negligible)
- Premium Power - No spikes, good voltage, frequency regulation and reliability (continuous operation).
- Easy maintenance.



## Cross Word



*Clues-Across*

1. Coleridge's Ominous Bird? (9)
6. He is treated in accordance with the Geneva Convention (3)
8. Impress it with a seallon (4)
9. Suggestive of a long and adventurous voyage (7)
11. Eve's lesser half? (4)
13. Greenwhich based measurement to reckon time (9)
14. Shear her likes to get your wool (4)
15. A blood relative ? (3)
17. An egg shaped cricket ground? (4)
20. A sexless pronoun? (2)
21. An abbreviated afternote just before you sign off? (2)
22. A poetically managed storm? (7)
23. This is a state above other states (2)

*Clues-Down*

1. The Bard of Avon says that the choice is yours (2-3-4-2)
2. Hanibal crossed it with his elephants (4)
3. Move along wth this West Indies Cricketer in a boat (4)
4. Distress signal from the ship? (3)
5. Lower the standard to mourn his death (4-4)
7. Go to and fro-pendulum wise (9)
10. The Japanese will pay you for this yearning (3)
11. Count him along with the expert (5)
12. Mornings moisture-alliteratively speaking (3)
16. Decline-in a single syllable (2)
18. Venus India Products have something for a dignitary (3)
19. May his tribe increase on a health resort in India (3)

# AWARDS AND HONOURS



2868 Prajith P. Varma
*Best All Round Cadet*



2857 Ivan Thomas
*Best Athlete*



2915 Siby.K. Joseph
*Won the Trophy for Exemplary Behaviour*



3298 Aravind.B.C
*Awarded Chief Minister's Silver Medal in the Pre-R.D. Camp*



3460 Sankar.R
*Won the Best Actor Award at Shakespearean Drama Contest, Cochin*



# AWARDS AND HONOURS



3028 Nitty S. Mathew
*C.B.S.E*
*Merit Scholorship holder*



2992 Sun Sus C.Jose
*C.B.S.E*
*Merit Scholorship holder*



3012 Prince Mathai
*C.B.S.E*
*Merit Scholorship holder*



3010 Sajad.A
*C.B.S.E*
*Merit Scholorship holder*



2995 Krian.C
*C.B.S.E*
*Merit Scholorship holder*



2980
Abya Jayakumar M.P
*C.B.S.E*
*Merit Scholorship holder*



2718
Manu R.M



2825
Premji Anand



2627
Jithin Nath



2763
Anoop A.P.



2755
Jojo Jacob



2747
Alex Paul Thomas



2836
Renjith R. Nair



2749
UnniKrishnan



3085
V.P. Shajil



3089
Libu Varkey



2736
Jenish George



2730
Akhilesh Menon.R

## *New Karhaks At the* NDA





# മലയാള വിഭാഗം

# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 1. വിലാപ ഗായകൻ (കവിത) | 2 | പ്രതീഷ് പി.റ്റി |
| 2. നമ്പർ 91 ബാംഗ്ലൂർ മെയിൽ (ചെറുകഥ) | 3 | വിനോദ് ജയകുമാർ |
| 3. Y2K- പ്രശ്നവും പരിഹാരമാർഗ്ഗങ്ങളും (ലേഖനം) | 6 | ബിബിത. പി |
| 4. നട്ടുരും ഒട്ടുരും (നർമ്മഭാവന) | 8 | രതീഷ് കെ. എബ്രഹാം |
| 5. മരണമിരങ്ങത്തിയോ? (കവിത) | 9 | നിസാം അലി |
| 6. സ്ത്രീയും സമത്വവും (ലേഖനം) | 10 | ഷൈൻ പി. ദേവ് |
| 7. സ്വർഗ്ഗവാതിൽ (ചെറുകഥ) | 11 | ജോഫിൻ ജോസ് |
| 8. വൃദ്ധസദനം (കവിത) | 13 | രതി.എം. |
| 9. ദുഃഖം (കുട്ടിക്കവിത) | 13 | രഞ്ജിത്ത്. ആർ |
| 10. യാചന (ചെറുകഥ) | 14 | അനൂപ് പർമൻ |
| 11. കാരുണ്യത്തിന്റെ മാലാഖ (ലേഖനം) | 15 | ഷൈനി പി.ജി. |
| 12. വൃദ്ധൻ (ചെറുകഥ) | 16 | അജി.എം.എസ്സ്. |
| 13. അനാഥൻ (ചെറുകഥ) | 17 | ആലോക് എ.എസ്സ് |
| 14. ഒരു ഉത്തരേന്ത്യൻ ഡയറി (ലേഖനം) | 19 | അശോക് സി.എം. |
| 15. യാമങ്ങൾ അസ്വസ്ഥമാവുന്നു (ചെറുകഥ) | 21 | നന്ദകുമാർ ആനന്ദ് |
| 16. അവസ്ഥാന്തരം (കവിത) | 23 | ആർ.എസ്സ്. പണിക്കർ |




കവിത

# വിലാപഗായകൻ



മനമുരുകിയൊഴുകുന്നൊരുഗാനം
ശോകാർദ്രമായ് മാറിയൊരു ഗാനം

പിന്നെയുമാലാപ വേദിയിൽ ഞാൻ
എന്റേതായ് ആരെയോ കണ്ടു

ആലാപ വേദിയിൽ നിൽക്കും നേരത്ത്,
ആറാട്ടായെഴുന്നള്ളിയെത്തും നേരത്ത്,

ആദ്യമായവളെഞാൻ കണ്ടു നിന്നു
കണ്ണെടുക്കാതെ ഞാൻ നോക്കി നിന്നു.

എൻമനമൊട്ടാകെയവൾ മാത്രമായ്
ഗാനങ്ങളിലെല്ലാമെയവൾ മാത്രമായ്

പിന്നെയൊരിക്കൽ ഞാൻ കണ്ടവളെ
പിന്നീടൊരിക്കലും കാണാത്തവളെ

മംഗല്യപ്പല്ലക്കിലവൾ ഏറിയപ്പോൾ
എന്നെത്തിരിഞ്ഞൊന്ന് നോക്കിയപ്പോൾ

എൻ മനമറിയാതൊന്നുലഞ്ഞുപോയി
എൻ മുന്നിൽ നിന്നവൾ മാഞ്ഞുപോയി

അമ്പലക്കുളത്തിന്റെ കൽപ്പടിയിൽ വീണ്ടും
ഏകനായ് പിന്നെയും വന്നെത്തിഞാൻ

മറ്റൊരു ശോകഗാന ഗായകൻ
പിന്നെയുമൊരു വിലാപ ഗായകൻ!

പ്രതീഷ് പി.റ്റി
*റോൾ നമ്പർ : 3035, ക്ലാസ് : 11-ബി*

ചെറുകഥ

# നമ്പർ 91 ബാംഗ്ലൂർ മെയിൽ



വിനോദ് ജയകുമാർ
റോൾ നമ്പർ : 2991, XI ബി

ബെർത്തിൽ കിടക്കുമ്പോൾ എനിക്ക് അടുത്ത കംപാർട്ട്മെൻറിലേക്ക് പോകുന്ന വഴി കാണാമായിരുന്നു. പക്ഷെ ആരെങ്കിലും അതുവഴി നടന്നാലല്ലെ ഈ സൗകര്യം ഉപയോഗിക്കാൻ പറ്റുള്ളു. ഉറങ്ങാമെന്ന് കരുതിയപ്പോൾ, അതിന് പറ്റുന്നില്ല. "ആകെക്കൂടി ഇന്നത്തെദിവസം പോക്കായിരുന്നു"എന്ന് മനസ്സിൽ വിചാരിച്ചുകൊണ്ട് ഞാൻ ഇതാ നല്ല തണുപ്പുള്ള എ.സി. കംപാർട്ട്മെൻറിനു സമീപമുള്ള ഫസ്റ്റ് ക്ലാസ്സിൽ കിടക്കുകയാണ്

ട്രെയിൻ ഓരോ ഇരുപതുമീറ്റർ കഴിയുമ്പോഴും കംപാർട്ട്മെൻറിൻെറ വാതിൽ വലിയ ശബ്ദമുണ്ടാക്കിക്കൊണ്ട് വന്നടയും. അങ്ങനെ ഓരോ പ്രാവശ്യം അടയുന്നതിൻെറ ഈണം ശ്രദ്ധിച്ചു കിടന്ന ഞാൻ ഉറങ്ങിയില്ല. അങ്ങനെ ഈ ഈണം ഒരു താരാട്ടായി മാറിക്കൊണ്ടിരിക്കെ അതു നിലച്ചു. ഞാൻ കാരണമറിയാൻ അങ്ങോട്ടു നോക്കി. ആ കാഴ്ച എന്നെ ഞെട്ടിച്ചു. അതാ ആ വാതിൽ ചെന്ന് തട്ടി നിൽക്കുന്നത് ഒരു പെൺകുട്ടിയുടെ ദേഹത്താണ്. "ഇവൾ ഇത് എന്തിനുള്ള പുറപ്പാടാണ്". ഞാൻ വിചാരിച്ചു -"ആത്മഹത്യ"! അതെ അതല്ലാതെ മറ്റൊരു കാരണം കൊണ്ടും ഒരു പെണ്ണ് പന്ത്രണ്ടുമണി നേരത്ത് വാതിൽക്കൽ വന്നു നിൽക്കേണ്ടതില്ല. പോരാത്തതിന് അടുത്ത സ്റ്റേഷൻ എത്താൻ ഇനിയും ഒന്നരമണിക്കൂർ കഴിയണം. ചെന്നു പിന്തിരിപ്പിക്കണോ? വേണ്ട. ഞാൻ മനസ്സിൽ ഉറപ്പിച്ചു. ആത്മഹത്യ ചെയ്യാൻ അവൾക്ക് തക്കതായ കാരണങ്ങൾ കാണും. വെറുതെ അവളെ ശല്യം ചെയ്യേണ്ട. സമാധാനത്തോടെ ചാടിക്കോട്ടെ. ഞാൻ ബർത്തിൽ തിരിഞ്ഞു കിടന്നു. അഞ്ച് മിനിറ്റ് കഴിഞ്ഞു. വാതിലിൻെറ ഈണം ഇനിയും കേൾക്കുന്നില്ല. ഞാൻ വീണ്ടും നോക്കി. "ശ്ശെടാ! ഇവൾ ഇതുവരെ ചാടിയില്ലേ!"

ഞാൻ ബർത്തിൽ നിന്നും ഇറങ്ങി അവളെ സമീപിച്ചു. എന്നെ കണ്ടപ്പോൾ അവൾ ഒന്നു പതുങ്ങി. ആ ഭാവഭേദം ഞാൻ ശരിക്കും ശ്രദ്ധിച്ചു. ആ മുഖത്ത് ഏതു ഭാവവും ചേരും. ഒരു ഐശ്വര്യറായിയെ വെല്ലുവാൻ വേണ്ടുന്ന സൗന്ദര്യം അവളിൽ ഉണ്ടായിരുന്നു. എന്തായാലും ഒന്നിടപെട്ട് കളയാം എന്നുറച്ച് ഞാൻ പറഞ്ഞു തുടങ്ങി, ആദ്യത്തെ ശ്രമമാണല്ലേ! കുഴപ്പമില്ല. സാവകാശം സമയം എടുത്തു ചാടിയാൽ മതി. വിരോധമില്ലെങ്കിൽ നിങ്ങളുടെ ജീവിതത്തിലെ അവസാനത്തെ അപരിചിതൻ എന്ന നിലയിൽ നമുക്ക് പരിചയപ്പെടാം. എൻെറ പേര് വിനോദ്". ഒരു ഷേക്ക്ഹാൻറിനുവേണ്ടി ഞാൻ കൈനീട്ടി. പക്ഷെ തന്നില്ല. പേര് ചോദിച്ചപ്പോൾ " എൻെറ പേര് രേശ്മ ഫിലിപ്പ് വേറെ ഒന്നും ചോദിക്കേണ്ട എന്ന രീതിയിൽ അവൾ മുഖം തിരിച്ചു."അപ്പോൾ ശരി, കാണാൻ പറ്റിയതിൽ വളരെ സന്തോഷം." ഞാൻ വിട പറഞ്ഞു. എന്നിട്ട് നേരെ ടോയിലറ്റിലേക്ക് പോയി. സമയം 12.05 ആയിരിക്കുന്നു. എനിക്കൊരു മനം മാറ്റം സംഭവിച്ചു. ഒരു പെൺകുട്ടിയെ മരിക്കാൻ പ്രേരിപ്പിച്ചിട്ട് (അതും ഒരു സുന്ദരിയെ) പാവം അവളെ ഞാൻ രക്ഷിക്കണം എന്ന് വിചാരിച്ച് ടോയ്ലെറ്റിൽ നിന്ന് ഇറങ്ങിയതും, ആ വാതിലിൻെറ ഈണം എൻെറ ഹൃദയത്തിൽ



ആഞ്ഞടിച്ചു. ഞാൻ വേഗം വാതിൽ ലക്ഷ്യമാക്കി ഓടി. ഞാൻ മനസ്സിൽ പ്രാർത്ഥിച്ചപോലെ തന്നെ അവൾ ചാടിയിട്ടുണ്ടായിരുന്നില്ല. "താൻ ചാടില്ല എന്നെനിക്ക് ഉറപ്പായിരുന്നു". ഞാൻ രേശ്മയോടു പറഞ്ഞു.

"ഹേയ്, ചാടാനല്ല, ഞാൻ ആലോചിച്ച് നിൽക്കുകയായിരുന്നു." അവൾ പറഞ്ഞു സംസാരിച്ച് തുടങ്ങിയാൽ പിന്നെ വിടുമോ? " ഞാൻ ബാംഗ്ലൂർ മുതൽക്കേ ഈ ട്രെയിനിൽ ഉണ്ട്. ഇപ്പോൾ നാട്ടിൽ പോകുകയാണ്. ബാംഗ്ലൂരിൽ കംപ്യൂട്ടർ എൻജിനിയറാ/ി ജോലി നോക്കുന്നു. താൻ വളരെ മൂഡിയാണല്ലോ. പറ്റുമെങ്കിൽ തൻെറ വിഷമം ഞാൻ കൂടി അറിയുന്നതിൽ വിരോധമുണ്ടോ?" ഒന്ന് ശങ്കിച്ചതിനുശേഷം അവൾ 'ഇല്ല' എന്ന് തലയാട്ടി. ഞാനും എൻെറ കൂട്ടുകാരികളും ബാംഗ്ലൂരിൽ നിന്നു തന്നെയാണ് കയറിയത്?" "അപ്പോൾ ഇനി കൂട്ടുകാരികളും ഉണ്ടോ?" ഞാൻ അറിയാതെ അന്വേഷിച്ച് പോയി. ചെറുതായി ചിരിച്ചിട്ട്, അവൾ തുടർന്നു. " ഞാൻ ബാംഗ്ലൂരിൽ പഠിക്കുകയാണ്. എൻെറ വീട്ടുകാർക്ക് എന്നെ പെട്ടെന്ന് കല്യാണ് കഴിച്ചു വിടണം. വീട്ടിൽ ചെന്നാലുടൻ ഒരുത്തൻ എന്നെ കാണാൻ വരും". തനിക്ക് ഇഷ്ടമില്ലെങ്കിൽ തുറന്നുപറയാവുന്നതല്ലേയുള്ളൂ." ഞാൻ നിർദ്ദേശിച്ചു. അതാണ് കുഴപ്പം. വീട്ടിൽ എൻെറ അഭിപ്രായത്തിന് ഒരു വിലയുമില്ല. അപ്പച്ചനും അമ്മച്ചിയും പറയുന്നതാണ് അവസാനത്തെ വാക്ക്" "ആട്ടെ പയ്യൻ എവിടെ നിന്നാണ്? കക്ഷി എങ്ങനെയുണ്ട്? കാണാൻ കൊള്ളില്ലെങ്കിൽ താൻ എന്തുചെയ്യും?" അയാൾ ഏതോ വർഗ്ഗീസ് പാലമറ്റത്തിൻെറ മകനാണ്. തിരുവനന്തപുരത്താണ് വീട്. ഒരു ബോറനാണെന്നു തോന്നുന്നു. "കഷ്ടം! തൻെറ വീട് എവിടെയാണ്?" "ചങ്ങനാശ്ശേരിയിൽ. എൻെറ അച്ചൻ ഫിലിപ്പ്, ഒരു തനി റബ്ബർ അച്ചായൻ തന്നെ. അമ്മച്ചിയും ഒട്ടും മോശമല്ല. അവൾ ചിരിയോടെ പറഞ്ഞു. "നാളെ അവർ വരുമ്പോൾ എന്തു ചെയ്യാനാ പ്ലാൻ?" ഒരു സംശയത്തോടെ ഞാൻ അന്വേഷിച്ചു. "എനിക്ക് എന്തു ചെയ്യാൻ പറ്റും." നമ്മുടെ നാട്ടിലെ പെൺകുട്ടികളുടെ പരിതാപകരമായ അവസ്ഥയിൽ എനിക്ക് ദുഃഖം തോന്നി. എങ്കിലും ഞാൻ അവൾക്ക് ധൈര്യം പകർന്നു. "തനിക്കേ എന്തെങ്കിലും ചെയ്യാൻ പറ്റൂ. ചെറുക്കൻ തന്നെ തനിച്ച് കാണുമ്പം, രണ്ടു മൂന്ന് കടിച്ചാപൊട്ടാത്ത ഡയലോഗ്സ് കാണാതെ പഠിച്ചോണ്ട് കാച്ചുക. കെട്ടാൻ സൗകര്യമില്ലെന്നു തുറന്ന് പറയുക" എന്നു ഞാൻ യുക്തിപൂർവ്വം നിർദ്ദേശിച്ചു. "ശരിയാണു അതൊരു നല്ല ഐഡിയയാണ്. അങ്ങനെയാകുമ്പോൾ ചെറുക്കൻ തന്നെ മുൻകൈയെടുത്ത് മാറിക്കൊള്ളും" എന്നവൾ സ്വയം സമാധാനിച്ചു.

രണ്ടു പെൺകുട്ടികൾ ഞങ്ങൾ നിൽക്കുന്നിടത്തേയ്ക്ക് വന്നു. "ദൈവമേ! ഇനിയും പെണ്ണുങ്ങളോ!" ഞാൻ പറഞ്ഞത് രേശ്മ കേട്ടു. എന്താ പറഞ്ഞത്? ചൂടോടെ അവൾ അന്വേഷിച്ചു. അല്ല, ഈ രാത്രിയിൽ പെണ്ണുങ്ങൾക്കൊന്നും ഉറക്കമില്ലേ" എന്നു പറഞ്ഞു ഞാൻ തടി ഊരാൻ ശ്രമിച്ചപ്പോഴേക്കും അവർ അടുത്തെത്തി.

"എന്താ രേശ്മ നിനക്ക് ഒന്നുപറഞ്ഞിട്ട് പോയിക്കൂടേ. പേടിച്ച് പോയല്ലോ!" അവരിലൊരുവൾ ആക്രോശിച്ച് തുടങ്ങി. മറ്റവളും വിട്ടുകൊടുത്തില്ല. "നീയെന്താ രാത്രിയിൽ ഒറ്റയ്ക്ക്? ഇയാളാരാ? അടുത്ത ചോദ്യം പാഞ്ഞ് വന്ന് എൻെറമേൽ വീണു. എൻെറ പങ്കത് ഒഴിവാക്കാൻ ഞാൻ രേശ്മയോട് ചോദിച്ചു. ബോഡി ഗാർഡ്സ് ആണോ? എന്താ പറഞ്ഞത് ബോഡി ഗാർഡ്സോ? ഒരുത്തി തട്ടിക്കയറി. കലപങ്ങൾ തുടങ്ങുന്നതിന് മുമ്പേ രേശ്മ സംഭവങ്ങൾ വിവരിക്കുകയും എന്നെ പരിചയപ്പെടുത്തുകയും ചെയ്തു. പരിചയപ്പെടുത്തലിലൂടെ അവർ മനീഷയും ഊർമിളയും എന്ന രണ്ടു തോഴിമാരാണെന്ന് മനസ്സിലായി. കുറച്ചുകൂടി സംസാരിച്ചപ്പോൾ പെണ്ണ് കാണലെന്ന ചടങ്ങിൽ നിന്നും രേശ്മയെ പിന്തിരിപ്പിക്കാതിരിക്കാനും സമാധാനിപ്പിക്കാനും വന്ന രണ്ട് നല്ല സുഹൃത്തുക്കളാണെന്ന് മനസ്സിലായി. തമാശയടിച്ച് സമയം കളഞ്ഞപ്പോൾ നേരം പോയതറിഞ്ഞില്ല. "സമയം ഒരു മണിയായി. ഉറങ്ങണ്ടേ?" ഊർമിള ചോദിച്ചു. മനീഷയും തലയാട്ടി. "ഏതു പിശാചിൻെറ പ്രലോഭനം കാരണമാണോ ഇവളുമാർക്ക് ഉറക്കം വരുന്നത് ഞാൻ മനസ്സിൽ ശപിച്ചു. " പെണ്ണ് കാണാൻ സമയത്ത് പെണ്ണിനെ സൂക്ഷിച്ചോണേ!" എന്ന് ഞാൻ

ഉപദേശിച്ചു. " ഏതായാലും അച്ഛനും അമ്മയും കുട്ടികൾക്ക് നന്മ വരാനേ ആഗ്രഹിക്കുകയുള്ളൂ. ഡയലോഗ്സ് തയ്യാറാക്കാൻ മറക്കരുത്. ചെറുക്കന്റെ മുഖത്ത് നോക്കി ധൈര്യമായി കാച്ചിക്കോ" "ശരി വിനോദിനെ കണ്ടതും സംസാരിച്ചതും വളരെ ആശ്വാസമായി. തമാശ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. എന്നാൽ ഞങ്ങൾ വരട്ടെ".

സ്റ്റേഷനിൽ ഇറങ്ങുമ്പോൾ രേശ്മയ്ക്ക് എന്നോട് യാത്ര പറയാൻ കഴിയാത്തതിൽ വിഷമം ഉള്ളതുപോലെ തോന്നി.

സമയം പത്തുമണി. പാലമറ്റക്കാർ എത്തിയിട്ടുണ്ട്. " ചെറുക്കൻ കൂട്ടുകാരന്റെ വീട്ടിൽ നിന്ന് ഇപ്പോൾ എത്തും." കൂട്ടുകാരികൾ അറിയിച്ചു. ചായ സത്കാരം കഴിഞ്ഞ് നിനക്കൊന്നെങ്കിലും അവനോട് സംസാരിക്കാനുണ്ടോയെന്ന് അമ്മ ചോദിച്ചു. "ഉണ്ട്" അവൾ പറഞ്ഞു. എന്നാൽ ഞാൻ വിളിക്കാം. അമ്മച്ചി ഇതും പറഞ്ഞ് വിളിക്കാൻ പോയി. ഡയലോഗ്സ് ഓർമ്മയുണ്ടല്ലോ, "ഓൾ ദി ബെസ്റ്റ്" കൂട്ടുകാരികളും വിട പറഞ്ഞു. ഡയലോഗ്സ് കാച്ചാൻ എന്ന രീതിയിൽ രേശ്മ തിരിഞ്ഞു നിന്നതും അയാൾ മുറിക്കകത്ത് കയറി.

"എനിക്കൊരു കാര്യം പറയാനുണ്ട്........" ധൈര്യം സംഭരിച്ച് തിരിഞ്ഞുനോക്കിയപ്പോൾ അവൾ ഞെട്ടി നിന്നു പോയി. " എന്താ താൻ ഡയലോഗ് മറന്നുപോയോ. എന്റെ പേര് വിനോദ് പാലമറ്റം എന്നാണ്. എന്താ എന്നെ കെട്ടില്ലേ...? അച്ഛനമ്മമാർ നല്ലതേ നോക്കൂ എന്ന് ഇപ്പോൾ മനസ്സിലായില്ലേ? അന്നവർ സമ്മതം മൂളിയതുകൊണ്ട് ഇന്നവൾ Mrs. വിനോദ് ആണ്.

◆

അസതോ മാ സദ്ഗമയ,
തമസോ മാ ജ്യോതിർഗമയ,
മൃത്യോർ മാ അമൃതം ഗമയ.
ഓം ശാന്തി! ശാന്തി! ശാന്തി!

*(അസത്തിൽ നിന്ന് സത്തിലേക്ക്,*
*ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്,*
*മരണത്തിൽ നിന്ന് അമരത്വത്തിലേക്ക്,*
*എന്നെ നയിച്ചാലും.)*

- ബൃഹദാരണ്യകം



ലേഖനം

# Y2 K- പ്രശ്നവും പരിഹാരമാർഗ്ഗങ്ങളും



ബിബിത. പി
XI ബി, റോൾ നമ്പർ 3538

ലോകം മുഴുവനും 21-ാം നൂറ്റാണ്ടിനെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്നു. പുതിയ നൂറ്റാണ്ടിൽ അത്യപൂർവ്വമായ ശാസ്ത്രപുരോഗതി നാം സ്വപ്നം കാണുന്നു. ശാസ്ത്രപുരോഗതിയിൽ നമ്മെ ഏറ്റവും കൂടുതൽ സഹായിക്കുന്നത് കമ്പ്യൂട്ടറുകളാണ്.

എന്നാൽ 21-ാം നൂറ്റാണ്ടിൽ കമ്പ്യൂട്ടർലോകം ഒരു മഹാവിപത്തിനെ അഭിമുഖീകരിക്കാൻ പോകുന്നു. 1999 ഡിസംബർ 29-ാം തീയതി രാത്രി പന്ത്രണ്ടു മണി കഴിയുമ്പോൾ ലോകത്തിലെ പല കമ്പ്യൂട്ടറുകളും തെറ്റായി പ്രവർത്തിക്കാൻ തുടങ്ങും. ചിലതിന്റെ പ്രവർത്തനം നിലച്ചുപോകും. 21-ാം നൂറ്റാണ്ടിലെ ശാസ്ത്രപുരോഗതിയെ തകിടം മറിച്ചേക്കാവുന്ന ഈ വിപത്തിന് കമ്പ്യൂട്ടർ ലോകം നൽകിയിരിക്കുന്ന പേരാണ് Y2K.

**എന്താണ് Y2K?**

മിക്ക കമ്പ്യൂട്ടർ പ്രോഗ്രാമുകളിലും തീയതികൾക്കും വർഷങ്ങൾക്കും വളരെ പ്രാധാന്യമുണ്ട്. ഉദാഹരണത്തിന് ഒരു കമ്പനിയിലെ തൊഴിലാളികളുടെ വയസ്സും സർവ്വീസ് കാലാവധിയും നിർണ്ണയിക്കുന്ന കമ്പ്യൂട്ടർ പ്രോഗ്രാമുകൾ, ആശുപത്രി റെക്കാർഡുകൾ, ബാങ്ക്, ഗവൺമെന്റ് ഡാറ്റാകൾ തുടങ്ങിയവയിലെല്ലാം തീയതികളെ ആസ്പദമാക്കി പ്രവർത്തിക്കുന്ന പല പ്രോഗ്രാമുകളും ഉണ്ട്.

ആദ്യകാലങ്ങളിൽ ഇത്തരം കമ്പ്യൂട്ടർ പ്രോഗ്രാമുകൾ ഉണ്ടാക്കിയവർ വർഷങ്ങൾ സൂചിപ്പിക്കുന്നതിന് രണ്ടക്കങ്ങൾ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. ഉദാഹരണത്തിന് 1982 എന്ന വർഷത്തിന് 82 എന്നു മാത്രമാണ് കമ്പ്യൂട്ടർ പ്രോഗ്രാമിൽ എഴുതുക. സമയവും സ്ഥലവും ലാഭിക്കുകയായിരുന്നു അന്നത്തെ ലക്ഷ്യം. കാരണം കമ്പ്യൂട്ടർ പ്രോഗ്രാം നിർമ്മാണം അന്ന് വളരെ ചെലവേറിയതായിരുന്നു. ഈ രീതി പിന്നീടും തുടർന്നുപോന്നു.

എന്നാൽ 21-ാം നൂറ്റാണ്ടു തുടങ്ങുമ്പോൾ ഈ രീതി കമ്പ്യൂട്ടർ പ്രോഗ്രാമുകളിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കും. അതിന് കാരണമിതാണ്, 2000 എന്ന വർഷം കമ്പ്യൂട്ടർ പ്രോഗ്രാമിൽ എഴുതുന്നത് 00 എന്നായിരിക്കും. ഇത് 1900 ആണോ 2000 ആണോ എന്ന് നിർണ്ണയിക്കാനുള്ള യുക്തി കമ്പ്യൂട്ടർ പ്രോഗ്രാമുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല. തത്ഫലമായി 21-ാം നൂറ്റാണ്ടു തുടങ്ങുമ്പോൾ പല കമ്പ്യൂട്ടർ പ്രവർത്തനങ്ങളിലും ക്രമക്കേടുകൾ ഉണ്ടാകും.

ഉദാഹരണത്തിന് തൊഴിലാളികളുടെ വയസ് നിർണ്ണയിക്കുന്ന ഒരു കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ കാര്യമെടുക്കുക. ഒരാളുടെ ജന്മദിനം 1969 ഒക്ടോബർ 13 ആണെന്നിരിക്കട്ടെ. ഈ വർഷം ആ കമ്പ്യൂട്ടർ പ്രോഗ്രാം അയാളുടെ വയസ്സ് നിർണ്ണയിക്കുന്നത് 98-ൽ നിന്നും 69 കുറച്ചാണ് എന്നാൽ 2000-ൽ ഇതേ കമ്പ്യൂട്ടർ പ്രോഗ്രാം അയാളുടെ വയസ് നിർണ്ണയിക്കാൻ 2000-ൽ നിന്നും 69 കുറയ്ക്കാൻ ശ്രമിക്കും. ഇത് ചെറിയ ഒരു ഉദാഹരണം മാത്രം. ഇങ്ങനെ തീയതികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ പ്രോഗ്രാമുകളിലെല്ലാം 21-ാം നൂറ്റാണ്ടിൽ ക്രമക്കേടുകൾ ഉണ്ടാകും. ഇത്തരം ആയിരക്കണക്കിനു ലോജിക്കുകളുള്ള അനേകം കമ്പ്യൂട്ടറുകൾ അടങ്ങുന്ന കമ്പ്യൂട്ടർ ശൃംഖലകളെയാണ് ഈ പ്രശ്നം ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ആ സിസ്റ്റം പൂർണ്ണമായി തകരാറിലായേക്കാം.

പണ്ട് സൗകര്യാർത്ഥം ഉപയോഗിച്ച ഒരു രീതി വലിയൊരു പ്രശ്നത്തിലേക്ക് നയിച്ചിരിക്കുന്നു. ഈ പ്രശ്നത്തിനാണ് Y2K. എന്നു പറയുന്നത്.

Y2K. പ്രശ്നത്തിന് പരിഹാരം കാണാൻ നമുക്ക് സാധിച്ചില്ലെങ്കിൽ 21-ാം നൂറ്റാണ്ടിൽ അത് പല ദൂരവ്യാപകമായ പ്രത്യാഘാതങ്ങളും സൃഷ്ടിക്കും.

ഗവൺമെന്റ് ഫയലുകളിൽ തെറ്റായ രേഖകൾ പ്രത്യക്ഷപ്പെടും. ആശുപത്രി, ബാങ്ക് പ്രവർത്തനങ്ങളിലും, ഗതാഗത നിയന്ത്രണത്തിലും എന്നുവേണ്ട ജീവിതത്തിന്റെ മിക്ക രംഗങ്ങളിലും ക്രമക്കേടുകൾ ഉണ്ടാകും. ശാസ്ത്ര ഗവേഷണത്തെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. കമ്പ്യൂട്ടർ പ്രവർത്തനങ്ങളുടെ ക്രമക്കേടു കാരണം പല ശാസ്ത്രപരീക്ഷണങ്ങളും ചെയ്യാൻ കഴിയുകയില്ല.

Y2K പ്രശ്നത്തെ നേരിടാൻ കമ്പ്യൂട്ടർ ലോകം അരയും തലയും മുറുക്കി രംഗത്തിറങ്ങിക്കഴിഞ്ഞു. ഈ പ്രശ്നത്തിന് രണ്ടു പരിഹാരമാർഗ്ഗങ്ങളേയുള്ളൂ. ഒന്നാമത്തേത്, Y2K പ്രശ്നം ബാധിച്ചേക്കാവുന്ന എല്ലാ പ്രോഗ്രാമുകളും കണ്ടെത്തി അവ നേരെയാക്കുക. അതായത് രണ്ടക്കത്തിലുള്ള വർഷങ്ങളെ നാലക്കത്തിലാക്കുകയും നാലക്കത്തിലുള്ള വർഷം കൊണ്ട് പ്രവർത്തിക്കാൻ പ്രോഗ്രാമിനെ സജ്ജീകരിക്കുകയും ചെയ്യുക. അടുത്തത്, വർഷത്തിൽ നൂറ്റാണ്ട് 19 ആണോ 20 ആണോ എന്ന് മനസ്സിലാക്കാനുള്ള യുക്തി ഈ പ്രോഗ്രാമുകളിലെല്ലാം ഉൾക്കൊള്ളിക്കുക.

കേട്ടാൽ എളുപ്പമെന്നു തോന്നുമെങ്കിലും ലോകമെമ്പാടുമുള്ള കോടിക്കണക്കിന് കമ്പ്യൂട്ടർ സിസ്റ്റങ്ങളിൽ നിന്ന് ഇത്തരം പ്രോഗ്രാമുകൾ കണ്ടെത്തി തിരുത്തുക എന്നത് ഏറ്റവും ശ്രമകരമായ ഒരു ജോലിയാണ് ഇതിന് ചെലവാകുന്ന രൂപ ഏതാണ്ട് രണ്ടായിരം കോടി അമേരിക്കൻ ഡോളറാണ്.

Y2K-യെ ഒരു ഗുരുതര പ്രശ്നമായി കണ്ട് ആഗോളതലത്തിൽ അതിന് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. Y2K പ്രശ്നം പരിഹരിക്കുന്നതിന് പുതിയ ഫോർമുലകളുമായി പല ശാസ്ത്രജ്ഞന്മാരും രംഗത്തെത്തിക്കഴിഞ്ഞു. സാമാന്യജനത്തിന്റെ പരിധിക്ക് വെളിയിലും ഉപരിയിലുമെന്ന് നാം കരുതുന്ന പലതും, അവരുടെ ജീവിതത്തിൽ നിഴലുകൾ വീഴ്ത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇപ്പോൾ. 21-ാം നൂറ്റാണ്ട് പിറക്കുമ്പോഴേക്കും Y2K പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ നമുക്ക് സാധിക്കണം. Y2K പ്രശ്നം ഇല്ലാത്ത ഒരു 21-ാം നൂറ്റാണ്ട് ഉണ്ടാകട്ടെ എന്ന് നമുക്ക് ആശിക്കാം. അങ്ങനെ പുതിയ നൂറ്റാണ്ടിനെപ്പറ്റിയുള്ള നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കട്ടെ.

പടിഞ്ഞാറിന് കിഴക്കിനെ മനസ്സിലാക്കാൻ
നൂറ്റാണ്ടുകൾ തന്നെ വേണ്ടിവരും. എന്നാൽ തന്നെയും
മനസ്സിലാവുമോ എന്ന് സംശയമുണ്ട്.

*- വിലാസിനി*



*നർമ്മഭാവന*




രതീഷ് കെ. എബ്രഹാം
ക്ലാസ്സ് XI എ.
റോൾ നമ്പർ 2965, ടാഗോർ ഹൗസ്

അന്ന് എനിക്കൊരു നല്ല ദിവസമായിരുന്നു. നല്ല തട്ടുപൊളിപ്പൻ ഇംഗ്ലീഷ് ക്ലാസ് തകൃതിയായി നടന്നുകൊണ്ടിരിക്കുന്നു. കൂടെക്കൂടെ മുമ്പിലിരിക്കുന്ന 'കോല'നും 'കണ്ണാടി'യും മുമ്പിലേക്ക് ഉറക്കം വന്ന് ചായുന്നു. ഇടയ്ക്കിടെ അധ്യാപകൻ അവരെ തട്ടിവിളിക്കും. എന്നിട്ട് രാഷ്ട്രീയ ചുവയോടെ ഉറക്കെ തമാശപൊട്ടിയ്ക്കും. രാഷ്ട്രീയത്തിന്റെ എട്ടും പൊട്ടും തിരിയാത്ത കുട്ടികൾ ആർത്തട്ടഹസിക്കും. നടുക്കിരിക്കുന്ന പൊണ്ണന്മാർക്കും പുറകിലിരിക്കുന്ന തോറ്റോടികൾക്കും ക്ലാസ് പരമ മടുപ്പാണ്. ക്ലാസ്സിന്റെ ഒരു കോണിലാണ് നന്ദുവിന്റെ ഇരിപ്പിടം. 'പൊതുവിജ്ഞാനത്തിന്റെ കിരീടം വയ്ക്കാത്ത പുകൾ പെറ്റ രാജാവ്' എന്ന് സ്വയം പ്രകീർത്തിച്ചു നടക്കുന്നവനാണ് നന്ദു. കാൾ മാക്സും ലെനിനും ജീവിതത്തിൽ പോലും വിചാരിച്ചിട്ടില്ലാത്ത കമ്യൂണിസ്റ്റ് ആദർശങ്ങളും മറ്റും പാടി നടക്കാനേ അവന് സമയമുള്ളൂ.

അന്ന് ഇംഗ്ലീഷ് ക്ലാസ്സ് ഒന്ന് മുറുകി വരുകയായിരുന്നു. പെട്ടെന്ന് നന്ദു എഴുന്നേറ്റ് ഒരു ചോദ്യം. "സാർ, ഈ നട്ടൂർ എന്താണ്?" സാറിന് ഈ ചോദ്യം അത്ര രസിച്ചില്ല. എന്നിട്ടും ഗൗരവം വിടാതെ ചോദ്യം ആവർത്തിക്കാനാവശ്യപ്പെട്ടു. അവൻ തെളിഞ്ഞു നിന്ന് പിന്നെയും ചോദിച്ചു "സാർ ഈ നട്ടൂരിന്റെ മീനിംഗ് എന്താണ്? അപ്പോൾ സാറു പറഞ്ഞു ഞാൻ അദ്ധ്യാപക വൃത്തിതുടങ്ങിയിട്ട് 25 വർഷത്തിലേറെയായി. ഇതിനിടയിലോ, എന്റെ പഠനകാലത്തോ ഇങ്ങിനെ ഒരു വാക്കുള്ളതായി കേട്ടിട്ടേ ഇല്ല". പക്ഷെ നന്ദു പിന്നെയും സമർത്ഥിച്ചു പറഞ്ഞു. രംഗം ഒന്നു കൂടി മുറുകി. സാർ എന്തു പറഞ്ഞിട്ടും അവൻ സമ്മതിക്കുന്നില്ല എന്ന സ്ഥിതിയായപ്പോൾ സാറിന് നിൽക്കക്കള്ളി ഇല്ലെന്നായി. അവനോട് പുറത്ത് പോയി നിൽക്കാൻ ആവശ്യപ്പെട്ടു. തല കുനിച്ച് അവൻ പുറത്തിറങ്ങി. കുറച്ച് കഴിഞ്ഞ് അവൻ സാറിനോടായി പറഞ്ഞു." പ്ലീസ് സാർ എന്റെ ഫട്ടൂർ കളയരുത്. പ്രിൻസിപ്പൽ ഇപ്പം വരും". സാറും കുട്ടികളും ഒരുമിച്ച് ചിരിച്ചു. ദാ മറ്റൊരു വാക്ക് ഫട്ടൂർ. സാറിന് കാര്യം തലച്ചോറിൽ പെട്ടന്ന് കടന്നുവന്നു. സാർ നന്ദുവിനെ അടുത്ത് വിളിച്ച് ചോദിച്ചു "എന്താണ് ഈ ഫട്ടൂർ? ' അവൻ പറഞ്ഞു. "സാർ ......... ഭാവി" അപ്പോൾ അദ്ദേഹം ഓർത്തു. ഭാവി അതായത് ഫ്യൂച്ചർ (F-U-T-U-R-E). അപ്പോൾ സാർ ഒരു ഞെട്ടലോടെ മറ്റെപ്പദത്തിന്റെ അർത്ഥവും ചിന്തിച്ചു. നട്ടൂർ, അതായത് നേച്ചർ(N-A-T-U-R-E). അപ്പോൾ എല്ലാം മനസ്സിലായി. കാര്യത്തിന്റെ പൊരുളഴിച്ചപ്പോൾ അത് ക്ലാസ്സിൽ ഒരു കൂട്ടച്ചിരിയായി മാറി.

കവിത

# മരണമിങ്ങെത്തിയോ?



നീളുന്നു മുന്നിൽ ഈ നടവഴി
ചരിക്കണം ഇനിയുമേറെ ദൂരം
ഈ ശരത്ക്കാല രാത്രിയിൽ ഞാനേകനായ്
വഴി വിളക്ക് മാത്രമെനിയ്ക്കിന്ന് തുണയായ്

പല ചിന്തകൾ പായും മനസ്സുമായ്
അകലേക്ക് നോക്കിയ നേരം
പൊടുന്നനെ ഇമ പൂട്ടിയാ വിളക്കുകൾ
പക്ഷെ അകലെ കണ്ടു ഞാൻ വെളിച്ചം

ഉയർന്നു കത്തുമാ തീജ്വാലകൾ
മാത്രമെനിയ്ക്കിപ്പോൾ ദൃശ്യമായ്
മനസ്സിന്റെ ജിജ്ഞാസ ശമിപ്പിക്കുവാൻ
കണ്ടെത്തി ഞാനോരോ ഉത്തരങ്ങൾ

ശരത്ക്കാല രാത്രിയെ തളയ്ക്കുവാൻ
തീ കൂട്ടി കായുകയോ ചിലർ?
ചപ്പുചവറുകളും മറ്റുമായ്
അഗ്നിതൻ വിശപ്പ് ശമിപ്പിച്ചതോ?

ദൂരെയാ കാടിന്റെ വന്യതയിൽ
അസൂയാലുവോ ഇന്ന് അഗ്നി?
ഒടിഞ്ഞ ശിഖരങ്ങളും കരിഞ്ഞ ചിറകുകളും
വിലപിക്കുന്നുവോ അഗ്നി താണ്ഡവത്തിൽ?

പൊടുന്നനെ ഉയർന്ന ചിന്തയാൽ
തിളച്ചെൻ രക്തമീ തണുത്ത രാത്രിയിലും
ഭീതി, തൻ പൊള്ളുന്ന കരങ്ങളാൽ
വരിഞ്ഞു മുറുക്കിയെൻ മനസ്സിനെ

എല്ലുകൾ കത്തി തലയോട്ടിചിതറി ചിതാ-
ഭസ്മത്തിനായ് കാക്കുന്നുവോ അവിടെ ബന്ധുക്കൾ?
അവിടെയോ, ഈ പാതതൻ അന്ത്യം?
എൻ അങ്കണത്തിലോ ആ ചിത?
ഞാൻ തന്നെയല്ലയോ ആ മനുഷ്യൻ!
തടുക്കാൻ കഴിയാതെ ചാമ്പലാകുമാ മനുഷ്യൻ!

❖

**നിസാം അലി**
*റോൾ നമ്പർ : 2997, ക്ലാസ് : 11-ബി*



ലേഖനം



# സ്ത്രീയും സമത്വവും



**ഷൈൻ.പി.ദേവ്**
ക്ലാസ്സ് XII സി, റോൾ നമ്പർ 2727

'സ്ത്രീയും പുരുഷനും' സമാനതകൾ സങ്കല്പിക്കാൻപോലും പറ്റാത്ത ആകാര വ്യത്യാസം. പ്രകൃതി അവർക്ക് നല്കിയത് ഒരേ കോലാൽ അളക്കപ്പെടാനായിരുന്നോ? ഏറെ ചർച്ച ചെയ്യപ്പെട്ടെങ്കിലും പ്രസക്തി നഷ്ടമാവാത്ത ചോദ്യം.

കേവലം ആകാരത്തിൽ മാത്രമാണോ സ്ത്രീ പുരുഷനിൽ നിന്നും വേറിട്ടുനിൽക്കുന്നത്? സ്വപ്നങ്ങളിൽ, ചിന്താരീതിയിൽ, ജീവിത വീക്ഷണത്തിൽ എല്ലാം സ്ത്രീ പുരുഷനിൽ നിന്നും ഒരുപാടകലെയല്ലേ? ഇന്നവൾ സമത്വത്തിനായി മുറവിളി കൂട്ടുമ്പോഴും അവളെ അസമത്വത്തിലേക്ക് അവൾ തന്നെ വലിച്ചിഴക്കുകയല്ലേ? സ്ത്രീ ഏതുതരം സമത്വമാണ് കാംക്ഷിക്കുന്നത്? അവൾക്കിന്നും സ്നേഹിക്കാനും സ്വയം അർപ്പിക്കാനും ഒടുവിൽ പുരുഷന്റെ ചവിട്ടേറ്റു പിടയുവാനുമേ അറിയൂ. കണ്ണുനീർ അവൾക്കൊരുപക്ഷേ പ്രാണവായുവിനെക്കാൾ പ്രിയപ്പെട്ടതാകാം.

സ്ത്രീക്കും പുരുഷനും വ്യത്യസ്തവും വിരുദ്ധവും നിയമങ്ങൾ സമൂഹം കല്പിച്ചിരിക്കുന്നു. പുരുഷനോടുള്ള നിയമങ്ങളിൽ പഴുതുകൾ ഏറെ അവനെ കുറ്റം വിധിക്കുവാനല്ല കുറ്റവിമുക്തനാക്കാനാണ് സമൂഹത്തിന്റെ താല്പര്യം. സദാചാരനിയമങ്ങൾ സ്ത്രീക്കും മുന്നിൽ ഉരുക്കുകോട്ടകളാകുമ്പോൾ പുരുഷന് അവ മണ്ണിൻ മറകൾ മാത്രം.

സ്ത്രീയുടെ ചിന്താഗതികൾക്ക് പുരുഷന്റേതായി താദാത്മ്യം പ്രാപിക്കാനാകുമോ? എങ്കിൽ മാത്രമേ സമത്വം ഉദ്ദേശിക്കുന്ന ഫലം നൽകൂ. സമത്വത്തിനായി മുറവിളി കൂട്ടുന്ന സ്ത്രീ ആദ്യം അവളെത്തന്നെ ഉയർത്തണം. പിന്നീട് അവളുൾപ്പെടെയുള്ള സ്ത്രീ സമൂഹത്തിന്റെ പുരുഷ സങ്കല്പം പുനരവലോകനം ചെയ്യണം. അടിസ്ഥാന വ്യത്യാസങ്ങൾ മനസ്സിലാക്കണം. അങ്ങനെ സ്വയം അറിയുമ്പോൾ അവൾ തേടുന്നത് അവൾക്ക് ലഭിച്ചിരിക്കും.

◆

മനുഷ്യൻ ഉയർന്നവനാകുന്നില്ല,
താഴ്ന്നവനുമാകുന്നില്ല,
മനുഷ്യൻ വലിയവനാകുന്നില്ല,
ചെറിയവനുമാകുന്നില്ല.
മനുഷ്യൻ മനുഷ്യൻ മാത്രമാകുന്നു.
- വാജ്പേയി

# സ്വർഗ്ഗ വാതിൽ



ജോഫിൻ ജോസ്
ക്ലാസ്സ് XII ബി

അന്ന് ഗുരുവായൂർ ഏകാദശിയായിരുന്നു. മരിച്ചാൽ സ്വർഗം കിട്ടുന്ന ദിവസം.

ചെമ്പൈ സംഗീതോത്സവത്തിന്റെ രാഗപ്രപഞ്ചത്തിൽ മുഴുകി വീട്ടിൽ എല്ലാവരും ടി.വി. യ്ക്കു മുന്നിലിരിക്കുമ്പോൾ ഉണ്ണിപതുക്കെ എഴുന്നേറ്റു. വൈകുന്നേരം കഴിക്കേണ്ട ഗുളിക കഴിച്ചിട്ടില്ല.

അലമാരയുടെ അടിത്തട്ടിൽ നിരത്തി വച്ചിരുന്ന പൊതിക്കെട്ടുകളിൽ ഒന്നുതുറന്ന്, റോസാപ്പൂവിന്റെ നിറമുള്ള ഗുളിക ഇടം കൈയിലൊതുക്കി ഉണ്ണി പത്തായപ്പുരയിലെ ലൈറ്റു കെടുത്തി. ഒളിത്താവളങ്ങളിലെവിടെയോ പതുങ്ങി നിന്നിരുന്ന ഇരുട്ട് ഓടിവന്ന് ഉണ്ണിയെ പൊതിഞ്ഞു. പരിചിതമായ പടവുകളിലൂടെ നിലാവുനിറഞ്ഞ മുറ്റത്തേയ്ക്ക് ഉണ്ണി നടന്നു. തെങ്ങിൻ തോട്ടത്തിനപ്പുറം കുളക്കരയിലൂടെ നടന്നു നീങ്ങുന്നവരെ നിലാ വെളിച്ചത്തിൽ അവ്യക്തമായി കാണാം.

"അച്ചനുണ്ടോണ്ണ്യേ വീട്ടില്?" വരമ്പത്തുനിന്നാരോ വിളിച്ചു ചോദിക്കുന്നു.

"ഇല്യാല്ലോ.... ആരാത്?" "ഞാനാ പടിഞ്ഞാറ്റേലെ ഗോവിന്ദൻ. ആരും കൂടെല്യാണ്ടെന്തിനാ ഉണ്ണ്യേ വെളീലെല്ലാം ഇറങ്ങി നടക്കണെ.... ദീനക്കാരനല്ല്യേ നീ ....?" ഗോവിന്ദൻ നടന്നു. ഉണ്ണി ഒന്നും മിണ്ടാതെ മുറ്റത്തു നിന്നും തൊടിയിലേക്കുള്ള കൽപടവുകളിലിരുന്നു... താൻ മാത്രമെങ്ങനെ ദീനക്കാരനായി.....? തന്റെ മോഹങ്ങൾക്കും, സ്വാതന്ത്ര്യത്തിനും മാത്രം ദൈവമെന്തിനാണ് വിലക്ക് കൽപ്പിക്കുന്നത്.....? പലവട്ടം ഇതേ ചോദ്യം ദൈവത്തോടു ഉണ്ണി കരഞ്ഞുചോദിച്ചിട്ടുണ്ട്. ഇപ്പോൾ ദൈവങ്ങളിലുള്ള വിശ്വാസം തന്നെ നശിച്ചുതുടങ്ങിയിരിക്കുന്നു. കുടുംബക്കാരാരോ പണ്ടു ചെയ്തുകൂട്ടിയ പാപങ്ങളുടെ ഫലമാണിതെന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. പാപങ്ങളുടെയും ശാപങ്ങളുടെയും കണക്ക് തീർക്കാൻ ഒരു ജന്മം!

ഉണ്ണി തീവ്രമായ വികാരങ്ങൾക്ക് അടിമയാണ്. അവന് ഉറക്കെ ചിരിക്കാനാവില്ല. ഉറക്കെ കരയാനുമാവില്ല. ഇരച്ചു തള്ളുന്ന വികാരങ്ങൾക്കൊപ്പം ഉണ്ണിയുടെ കണ്ണുകളിലേക്ക് ഇരുട്ടു കയറും. തലയ്ക്കുള്ളിലെവിടെയോ തിമിർത്തു പെയ്യുന്ന പേമാരികളുണ്ടെന്ന് തോന്നും... വികലമായ വിരൽ തുമ്പുകളിൽ വിറയാർന്ന മുദ്രകൾ വിരിയും.... പാദങ്ങൾക്ക് ഭൂമിയുമായുള്ള ബന്ധം നശിച്ചതായി തോന്നും. വികാരങ്ങൾ വിരിയേണ്ട ചുണ്ടുകൾ ഗോഷ്ടികൾ കാട്ടും. അപശബ്ദങ്ങൾ പുറപ്പെടുവിക്കും. പിന്നെ അന്ധകാരം നിറഞ്ഞ അബോധമനസ്സിന്റെ സീമകൾക്കുള്ളിലേക്ക് ഉണ്ണി ഉരുണ്ടുവീഴുകയായി.



വീട്ടിനുള്ളിലെ നിയന്ത്രണങ്ങളുടെ മുള്ളുവേലികൾക്കുള്ളിലിരുന്ന് ശ്വാസം മുട്ടി പോയ ചില പകലുകളിൽ ഉണ്ണി ആരും അറിയാതെ പുറത്തേക്കിറങ്ങും. പശിയും, ദാഹവുമറിയാതെയുള്ള അത്തരം യാത്രകളിലാണ് അവൻ ജീവിതത്തിന്റെ പല പാഠങ്ങളും പഠിച്ചത്. ഉണ്ണി അന്നാദ്യമായി പച്ചപ്പുതപ്പണിഞ്ഞ പാടങ്ങൾ കണ്ടു. കുട്ടികളെല്ലാം ഓടി നടന്ന് കലപില കൂട്ടുന്ന സ്ക്കൂൾ കണ്ടു. ഉണ്ണിക്ക് ലഭിക്കാതെപോയ അവകാശങ്ങളിലൊന്ന്. പാതയോരത്ത് കരിങ്കല്ലു കൊണ്ട് പണിത ചുമടുതാങ്ങിയിൽ കയറിയിരുന്ന് ബീഡിവലിച്ചുരസിക്കുന്ന കുറേ ചെറുപ്പക്കാരെ കണ്ടു. അതിലൊരാൾ "പൊട്ടനുണ്ണി എങ്ങോട്ടാ പോകുന്നത്" എന്ന് ചോദിച്ചപ്പോൾ ഉണ്ണീടെ മുഖം വാടി. തീവ്രമാകേണ്ടിയിരുന്ന വികാരം രണ്ടു തുള്ളി കണ്ണീരായി........ അങ്ങനെ പലതും കണ്ട് ഉണ്ണി വീണ്ടും നടന്നു.

തെങ്ങിൻ തോപ്പിലൂടെ നടന്നു വരുമ്പോൾ ഉണ്ണി തന്റെ വല്ല്യേട്ടനെ കണ്ടു. വല്ല്യേട്ടന്റെ തോളത്തു കൂടി കൈയ്യിട്ട് എന്തോ പറഞ്ഞ് പൊട്ടിച്ചിരിക്കുന്ന ശാലിനിചേച്ചിയേയും. അനുജത്തിമാരെ പാട്ടുപഠിപ്പിക്കാൻ വീട്ടിൽ വരുമ്പോൾ ചിരികാട്ടി പോകുന്ന അതേ ശാലിനിചേച്ചി. "എന്തിനാ ഉണ്ണ്യേ ഒറ്റയ്ക്കിങ്ങനെ കറങ്ങണെ? അങ്ങേവീട്ടിലിരുന്നൂടെ നിനക്ക്.....?" വല്ല്യേട്ടൻ ദേഷ്യപ്പെട്ടു. ഓ..... പിന്നെ ഏട്ടനെ ഇവിടെ കണ്ടതൊന്നും ഉണ്ണി ആരോടും പറയേണ്ട..." ഉണ്ണിയത് ആരോടും പറഞ്ഞിട്ടില്ല. അതു മാത്രമല്ല, കണ്ടറിഞ്ഞ കാര്യങ്ങളൊന്നും ഉണ്ണി ആരോടും പറഞ്ഞിട്ടില്ല.

ഒരിക്കൽ തോട്ടുവക്കിലിരുന്ന് ചൂണ്ടയിടുന്ന വ്യക്തികളെ നോക്കി നിൽക്കെ ഉണ്ണിക്ക് ദീനം വന്നു. ആരൊക്കെയോ ചേർന്ന് ഉണ്ണിയെ വീട്ടിലെത്തിച്ചു. തീയും, വെള്ളോം കണ്ടാൽ ദീനം.... നടന്നോ നീയ്... വല്ല തോട്ടിലോ കുളത്തിലോ ചത്തുകെടന്നാ ആരറിയാനാ...? വീടുവിട്ടെങ്ങോട്ടും പോകണ്ട. മനസ്സിലായോ.... അച്ഛന്റെ ശകാരത്തോടെ ഉണ്ണിയുടെ പകൽ യാത്രകൾക്ക് വിരാമമായി.

ഇന്നലെ ഇളയ അനുജത്തിയുടെ വിവാഹ കാര്യം പറഞ്ഞപ്പോൾ വല്ല്യേട്ടൻ അച്ഛനോട് പറഞ്ഞത് ഉണ്ണി കേട്ടു.

"ഉണ്ണിക്കെന്തിനിപ്പോ വല്യ സ്വത്തും പണോം"..? അവനൊള്ളത് വിറ്റാൽ ഈ കല്യാണം നേരാം വണ്ണം നടത്താം..."

ഏട്ടൻ പറഞ്ഞതൊരു വലിയ സത്യമാണെന്ന് ഉണ്ണിക്ക് തോന്നി. മോഹങ്ങളില്ലാത്ത തനിക്കെന്തിനാ സ്വത്തും പണോം. ആർക്കും ഒരു ഭാരമാകാണ്ടിരിന്നാ മതിയായിരുന്നു.

കയ്യിലിരുന്ന റോസാപ്പൂ നിറമുള്ള ഗുളിക ഊർന്ന് പടിക്കെട്ടുകൾക്കിടയിൽ കൂടെ എങ്ങോ പോയി. ഏതോ സംഗീതജ്ഞൻ ഗുരുവായൂർ നടയിൽ മനമലിഞ്ഞ് പാടുന്നത് ടി.വി. യിലൂടെ പുറത്തേയ്ക്കൊഴുകിയെത്തുന്നു. സ്വർഗവാതിൽ തേടി വ്രതം നോറ്റു പാടുന്നവർ. നടവഴികളിലൂടെ ഉണ്ണി പതിയെ ഇറങ്ങി നടന്നു.. നിലാവു പടർന്ന ഇളം തെന്നൽ വീശുന്ന പുറംലോകം ഉണ്ണിക്ക് അപൂർവ്വമായി കിട്ടുന്ന സൗഭാഗ്യമാണ്. ഉണ്ണി കുളക്കരയിലെത്തി. "ഉണ്ണീ........ ഉണ്ണീ........" അമ്മ വിളിക്കുന്നത് അവ്യക്തമായി കേൾക്കാം.. കുഞ്ഞോളങ്ങളിളകുന്ന ജലോപരിതലത്തിൽ നക്ഷത്രങ്ങളുടെ ചാഞ്ചാട്ടം നോക്കി നിൽക്കുമ്പോൾ ഉണ്ണിയുടെ മനസ്സ് ഉറക്കെയുറക്കെ ചിരിക്കുന്നുണ്ടായിരുന്നു.

പെട്ടെന്ന് കണ്ണുകളിൽ ഇരുട്ടു നിറയുന്നതുപോലെ ഉണ്ണിക്ക് തോന്നി.... തലയ്ക്കുള്ളിലെവിടെയോ പേമാരികളുടെ താണ്ഡവം..... വിരലുകളിൽ വിറയാർന്ന മുദ്രകൾ... പാദങ്ങൾക്ക് ബലക്ഷയം.... ചുണ്ടുകളിൽ ഗോഷ്ടികൾ........ പിന്നെ അബോധമനസ്സിന്റെ സീമകൾക്കുള്ളിലേക്ക് ഉണ്ണി ഉരുണ്ടു വീഴുന്നു. നക്ഷത്രങ്ങളുടെ പ്രതിച്ഛായകൾ പിളർന്ന് ആഴങ്ങളിലേക്ക്.....

"ഉണ്ണീ......ഉണ്ണീ..." അമ്മയുടെ വിളി നക്ഷത്രങ്ങൾക്കിടയിലൂടെ സ്വർഗവാതിൽ തേടിപ്പോയ ഉണ്ണി ആ വിളി കേൾക്കുന്നുണ്ടാകുമോ......?

❖

കവിത

# വൃദ്ധ സദനം



രതി.എം.
റോൾ നമ്പർ : 3676, ക്ലാസ് : XI-ബി

ഏതോ ഭാരത്തിൽ കനം കൈകളിൽ,
മറ്റേതോ ഭാരത്തിൽ കനം മനസ്സിലും,
പേറി നടന്നുനീങ്ങുന്നൊരാ മാതാവിനെ
നോക്കി നിന്നു ഞാനീറൻ മിഴികളാൽ
പാവമാം ആ അമ്മതൻ
കദനകഥ, ഇടിനാദം പോലെ
മുഴങ്ങുന്നെൻ ചെവികളിൽ
ഇന്നും ഞാനോർക്കുന്നു.

ചന്ദ്രബിംബംപോലെ തിളങ്ങുന്നാമുഖം
ആ മുഖത്തേക്ക് ഞാനൊന്നു നോക്കിയുള്ളു
മറഞ്ഞുപോം പക്ഷിയെപോലെവർ
നടന്നു നീങ്ങി പോയ്______

ആരോ പറഞ്ഞു " ഒരജ്ഞാത
വൃദ്ധതൻ ജഡമാവീഥിയിൽ_____
അവരാ വൃദ്ധ സദനത്തിലെയൊരന്തേവാസി"
ആരോരുമില്ലാത്തൊരാവൃദ്ധയെ
സ്വന്തം പുത്രകൈകളാൽ ബന്ധിതമാക്കവേ,
ഓർത്തുപോയ് ഞാനെൻ ഭാവിയെ
"ഇതുപോലാവുമോയെൻ ജീവിതമമ്മേ."

കുട്ടിക്കവിത

# ദുഃഖം



രഞ്ജിത്ത്. ആർ
റോൾ നമ്പർ : 3565, ക്ലാസ് : IV-എ

നടന്നു വളരെ ദൂരം ഞാൻ
കൂട്ടത്തിൽ ഒരുത്തനായി,
ഒരുത്തനായി പിന്നെ വരത്തനായി
നേടണം എന്തെങ്കിലും,
നേടിയില്ലെങ്കിലുമൊന്നും.
നൽകണം എന്തെങ്കിലും,
ഞാൻ നൽകി, ദുഃഖം മാത്രം.



ചെറുകഥ

# യാചന

അനൂപ് പദ്മൻ
റോൾ നമ്പർ 2996, ക്ലാസ്സ് XI ബി

"അമ്മാ വല്ലതും തരണേ". ഒരു ദയനീയ സ്വരം മുഴങ്ങിക്കേട്ടു. നല്ല ഓമനത്തമുള്ള മുഖം. ആ കുരുന്നു മുഖത്ത് ദയനീയത പതിഞ്ഞു കിടന്നിരുന്നു. ഇത്ര ചെറുപ്പത്തിലെ ജീവിതത്തിന്റെ ഭാരം താങ്ങേണ്ടിയിരിക്കുന്നു ഈ കുരുന്നിന്. സ്നേഹമയിയായ അമ്മയുടെ സാമീപ്യംപിടിച്ചു നടന്ന അവളെ ഈ അവസ്ഥയിലേക്ക് മാറ്റിയത് ഒരു സംഭവമായിരുന്നു. മനസ്സിനുള്ളിലെ സ്നേഹം മുഴുവൻ പകർന്നു കൊടുക്കാൻ കഴിയും മുമ്പ് അവളുടെ അമ്മ പരലോകം പൂകി. കടയിൽ പോകാനെന്ന് പറഞ്ഞ് കുടിലിൽ നിന്നും ഇറങ്ങിയ അമ്മയെ പിന്നെ കടപ്പുറത്ത് കരിവാളിച്ചു കിടക്കുന്നതായാണ് അവൾ കണ്ടത്. കാര്യങ്ങൾ തിരിച്ചറിയുവാൻ കഴിയും മുമ്പേ ജീവിതത്തിന്റെ മൂർച്ചയേറിയ ഖഡ്ഗങ്ങൾക്കു നടുവിലേക്ക് അവൾ വലിച്ചെറിയപ്പെട്ടിരുന്നു. പിന്നീടെപ്പോഴോ ഉണ്ടായ ഒരു ചുഴലിക്കാറ്റിൽ അവളുടെ കൂരയും തകർന്നുപോയി. അരവയർ ഭക്ഷണം കിട്ടിയാൽ അതവൾക്ക് സദ്യയ്ക്ക് തുല്യമായിരുന്നു. ജീവിതത്തിന്റെ കയ്പ് ആവോളം അവൾ രുചിച്ചു. എന്നും അവളുടെ സ്വപ്നങ്ങളിൽ അമ്മയുണ്ടായിരുന്നു. രാത്രിയിൽ ലോകം മുഴുവൻ ഉറങ്ങുമ്പോൾ അവൾ ഉണർന്നിരിക്കും. മാനത്തെ ചന്ദ്രനിലേക്ക് നോക്കിനോക്കിയിരിക്കുമ്പോൾ അവളുടെ അമ്മ ആകാശത്തു നിന്നും താഴോട്ടു വരും. അപ്പോൾ അവൾക്കു മുന്നിൽ ആ അമ്മ ഒരു കേൾവിക്കാരിയാകും. അവളുടെ മുന്നിൽ പൊട്ടിക്കരയും, ചിരിക്കും. ഒരിക്കൽ അവൾ അമ്മയോട് അവളേയും കൂടെ കൂട്ടാൻ പറഞ്ഞു. അന്നും അതേ യാചന ആവർത്തിക്കപ്പെട്ടു. ശാഠ്യത്തിനും നിർബന്ധത്തിനും അവസാനം അവളുടെ അമ്മ വഴങ്ങി. അന്നവൾ അമ്മയോടൊപ്പം മാനത്തേക്ക് പോയി. നോക്കെത്താദൂരത്തേയ്ക്കങ്ങനെ, അങ്ങനെ ______

പിന്നെയാരും ഒരിക്കലും ആ കുരുന്നിന്റെ യാചന കേട്ടിട്ടേയില്ല.

■

ഉപഭോഗവസ്തുക്കൾ എല്ലാമുണ്ടായപ്പോൾ
മാനുഷിക ബന്ധമാണ് ഇല്ലാതായത്.

- മഹാശ്വേതാദേവി

ലേഖനം

# കാരുണ്യത്തിൻെറ മാലാഖ



**ഷൈനി പി.ജി.**
റോൾ നമ്പർ : 2954, ക്ലാസ്സ് XII എ

"വെറുപ്പുള്ളടത്ത് സ്നേഹം വിതയ്ക്കാൻ എന്നെ അനുവദിക്കൂ; മുറിവുള്ളിടത്ത് ക്ഷമ വിതയ്ക്കാൻ, സംശയമുള്ളിടത്ത് വിശ്വാസ്യവും, നൈരാശ്യമുള്ളിടത്ത് പ്രത്യാശയും ഇരുളുള്ളിടത്ത് വെളിച്ചവും, ദുഃഖമുള്ളിടത്ത് ആനന്ദവും വിതയ്ക്കാൻ ദൈവമേ, എന്നെ അങ്ങയുടെ ശാന്തിയുടെ ഒരു ഉപകരണമാക്കൂ"———

കൽക്കത്തയിലെ മിഷനറീസ് ഓഫ് ചാരിറ്റിയുടെ പ്രാർത്ഥനാഹാളിൽ എല്ലാ പ്രഭാതവും ആരംഭിക്കുന്നത് ഈ കീർത്തനത്തോടെയാണ്. അശരണരുടേയും, അനാഥരുടെയും, ആലംബഹീനരുടെയും അമ്മയായ 'മദർതെരേസയുടെ' ജീവിതചര്യ ഇങ്ങനെ തുടങ്ങിയിരുന്നു. യേശുവിൻെറ സ്നേഹസന്ദേശം സേവനത്തിലൂടെ പ്രാവർത്തികമാക്കി ലോക ജനതയുടെ ശ്രദ്ധ പിടിച്ചുപറ്റിയ മഹതിയാണ് 'മദർതെരേസ'.

യുഗോസ്ലാവ്യയിലെ സ്കോപ്പ്ജിയിൽ 1910 ആഗസ്റ്റ് 27-ാം തീയതിയാണ് 'ആഗ്നസ്' എന്ന മദർ തെരേസ ജനിച്ചത്. അയർലണ്ടിൽ കന്യാസ്ത്രീയായി ചേർന്നശേഷം കൽക്കട്ടയിൽ വന്ന് ഒരു അധ്യാപികയായി സേവനമനുഷ്ഠിച്ചുപോന്നു. എന്നാൽ, അധ്യാപനമല്ല ദീനശുശ്രൂഷയാണ് തൻെറ യഥാർത്ഥ കർമ്മരംഗമെന്ന് മദർതെരേസയ്ക്ക് വെളിപാടുണ്ടായി. സ്വയം വൈദ്യപരിശീലനം നേടിയ മദർ വിപുലമായ സേവനരംഗത്ത് പ്രവർത്തിക്കുന്നതിനായി 'മിഷനറീസ് ഓഫ് ചാരിറ്റി' എന്ന പുതിയ സഭ രൂപീകരിച്ചു.

കൽക്കത്തയെന്ന മഹാനഗരത്തിലെ ഹൃദയശൂന്യങ്ങളായ തെരുവുകളിൽ വീണ് മരണമടയുന്ന പേരില്ലാത്ത നിരവധി ജനങ്ങൾക്ക് അന്ത്യനിമിഷങ്ങളിൽ ആശ്വാസം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അവരുടെ സേവനം അങ്ങനെ, ലോകവ്യാപകമായി വളർന്നു. മദർ സാമൂഹ്യ പ്രവർത്തനത്തിന് പുതിയ മേഖലകൾ കണ്ടെത്തി. കുടിലുകളിൽ സ്കൂളുകൾ ആരംഭിച്ചു, മന്ദബുദ്ധികളായ കുട്ടികൾക്ക് ശിശുഭവനങ്ങൾ സജ്ജമാക്കുന്ന ശുശ്രൂഷാകേന്ദ്രങ്ങൾ, കുഷ്ഠരോഗികൾക്ക് പുനരധിവാസം, നിരാലംബർക്ക് തലചായ്ക്കാൻ അഭയകേന്ദ്രങ്ങൾ, ദുരിതാശ്വാസ കേന്ദ്രങ്ങൾ അങ്ങനെ നീളുന്നു മദറിൻെറ കാരുണ്യ പ്രവർത്തനങ്ങൾ. അങ്ങനെ കൽക്കത്തയിലെ ഇരുണ്ടലോകത്ത് അവർ പ്രത്യാശയുടെ കൈത്തിരിയായിത്തീർന്നു. സ്വയം രൂപകല്പന ചെയ്ത നീല ബോർഡറുള്ള സാരി 'ചാരിറ്റി' എന്ന സംഘടനയുടെ സ്നേഹസേവനത്തിൻെറ പ്രതീകമായി.

മനുഷ്യരുള്ളിടമെല്ലാം സ്വന്തം കർമ്മഭൂമിയായി കണ്ടിരുന്ന മദർതെരേസയ്ക്ക് ഭാരതത്തോട് ഒരു പ്രത്യേക മമതയുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ മദർ 'ഇന്ത്യൻ പൗരത്വം' സ്വീകരിച്ചത്. 92 രാജ്യങ്ങളിലായി 500-ൽ അധികം അഭയകേന്ദ്രങ്ങൾ മദർ തെരേസയുടെ പേരിൽ പ്രവർത്തിച്ചുവരുന്നു. രോഗാതുരയായിരുന്നപ്പോൾപ്പോലും ഇവിടങ്ങളിൽ ദൈനംദിനകാര്യങ്ങളിൽ മദർ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു.

അശരണരുടെയും രോഗാതുരുടേയും ഇടയിലൂടെ ദൈവത്തിൻെറ കയ്യും പിടിച്ചാണ് അമ്മ നടന്നിരുന്നത്. സമാധാനവും സ്നേഹവുമാണ് മഹത്തായ സേവനമെന്ന് അമ്മ പറയാറുണ്ടായിരുന്നു. ഈ സേവനത്തിൻെറ പ്രതീകമായി പല പുരസ്കാരങ്ങളും അമ്മയെ തേടിയെത്തി. അവസാനം കാരുണ്യ പ്രവർത്തനത്തിന് 'നോബേൽ' സമ്മാനത്തിനുവരെ ഉടമയായ അമ്മയെ നാം ആദരിക്കേണ്ടത് അത്യാവശ്യം തന്നെ.

സേവനതല്പരതയും, പൂർണ്ണമായ നിസ്വാർത്ഥതയും, സുദൃഢമായ ഇച്ഛാശക്തിയും, ഉണ്ടെങ്കിൽ ഒരു പാവപ്പെട്ട സ്ത്രീയ്ക്കുപോലും ഇവിടെ മഹാദ്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് മദർതെരേസയുടെ ജീവിതം നമുക്ക് ഉറപ്പുതരുന്നു.

◆



ചെറുകഥ

# വൃദ്ധൻ



**അജി.എം.എസ്**
റോൾ നമ്പർ : 3306, ക്ലാസ്സ് IX എ

"വൃദ്ധൻ ആയാസപ്പെട്ട് കണ്ണുകൾ തുറന്നു.

ഇത് പകലോ രാത്രിയോ?

അറിഞ്ഞുകൂടാ

കണ്ണുകളിൽ ഒന്നും വ്യക്തമല്ല. തൻെറ കട്ടിലിനരുകിൽ ആരൊക്കെയോ നില്ക്കുന്നു. ആരാണ് വ്യക്തമല്ല. ചില രൂപങ്ങൾ മാത്രം. ആരൊക്കെയാണ്?

മക്കളോ?

ബന്ധുക്കളോ?

അയൽക്കാരോ?

നിശ്ചയമില്ല. എന്നാൽ താൻ പ്രതീക്ഷിക്കുന്ന രൂപം ആകൂട്ടത്തിൽ ഇല്ലെന്ന് വൃദ്ധനു മനസ്സിലായി. താൻ പ്രതീക്ഷിക്കുന്നത് മരണത്തെയാണ്. ഉണക്കക്കണ്ണുകളുള്ള ശവംനാറി പൂവിൻെറ ഗന്ധമുള്ള മരണത്തിൻെറ രൂപം. വൃദ്ധൻെറ മനസ്സിൽ പല വിചാരങ്ങളും ഉണ്ടായി. മരണത്തിന് കഴുകൻെറ രൂപമാണ്. അല്ല, എങ്കിൽ അവൻെറ ചിറകടി ശബ്ദം കേൾക്കാമായിരുന്നു.

മരണം വന്നിരുന്നെങ്കിൽ! തന്നെക്കൂടെ കൊണ്ടുപോയിരുന്നെങ്കിൽ! മക്കളുടെയും മരുമക്കളുടെയും ശകാരവാക്കുകളിൽ നിന്ന് രക്ഷപ്പെടാമായിരുന്നു. ഒടുക്കം താൻ കേൾക്കാനിടയായി "കിഴവനൊന്ന് ചാകുന്നുമില്ല കട്ടിൽ ഒഴിയുന്നുമില്ല" എന്ന് മരുമകൾ സുമംഗലയുടെ ശകാര വാക്കുകൾ വൃദ്ധനെ കുത്തി മുറിവേല്പിക്കാൻ തുടങ്ങിയിട്ട് ഏറെ നാളുകളായി.

"ദൈവമേ കൂടുതൽ അനുഭവിപ്പിക്കരുതേ!" വൃദ്ധൻ തൻെറ മുന്നിലെ ചുമരിലെ ഭഗവാൻെറ ചിത്രം നോക്കി പറഞ്ഞു. താൻ ആറടി മണ്ണിൻെറ ഉടമയാകാൻ കുറച്ച് ദിവസങ്ങൾ മാത്രം. അതിന് മുമ്പ് തൻെറ സ്വത്തുക്കൾ ഭാഗം വെയ്ക്കണം. തൻെറ കാലശേഷം മക്കൾ തമ്മിൽ കലഹിക്കരുത്.

വൃദ്ധൻെറ മനസ്സിൽ ഒത്തിരി ആശകൾ പറന്നെത്തി. തൻെറ മരണാനന്തരക്രിയകൾ മക്കൾ ഒരുമിച്ച് ചെയ്യണം. താനൊരു ഗതികിട്ടാ പ്രേതമായി അലയാൻ ഇടയാവരുത്.

വൃദ്ധൻെറ ആവശ്യാനുസരണം വക്കീൽ വന്നെത്തി. വിൽപ്പത്രം തയ്യാറാക്കി. എല്ലാവർക്കും തുല്യഭാഗം നല്കി. തൻെറ വീതം വയ്ക്കൽ ന്യായമാണെന്ന് വൃദ്ധൻ മനസ്സിലാക്കി. ആ രാത്രിയിൽ വൃദ്ധൻ മരണത്തെ പ്രതീക്ഷിച്ചു. അന്നു രാത്രി വൃദ്ധൻ മരണത്തിൻെറ രൂപം തിരിച്ചറിഞ്ഞു. അതുകണ്ട് വൃദ്ധൻ ഞെട്ടി. അത് തൻെറ മരുമകളുടേതായിരുന്നു.

●

മൂന്നുവട്ടമല്ല, മുന്നൂറുവട്ടം
ആലോചിക്കാതെ
ആരെയും വിമർശിക്കരുത്

- വിലാസിനി

ചെറുകഥ

# അനാഥൻ

**ആഘോഷ് എ.എസ്**
റോൾ നമ്പർ : 3380, ക്ലാസ്സ് VII എ

'ടക്കക്ക്'

ശബ്ദം കേട്ട് ഞാൻ ഞെട്ടിയുണർന്നു. പുതച്ചിരുന്ന ചാക്ക് മാറ്റി. ഒരു ട്രാക്ടർ റോഡിൽക്കൂടി ഇരച്ചുകൊണ്ട് പോവുകയാണ്. ഞാൻ ചുറ്റും നോക്കി. ഹോട്ടലിന്റെ കടത്തിണ്ണയിൽക്കിടന്ന ഒരാളും ഉണർന്നിട്ടില്ല. ഞങ്ങൾ അനാഥരുടെ വീടും കിടക്കയുമെല്ലാം ഏതെങ്കിലും കടത്തിണ്ണയാണ്. എല്ലാവരും ശാന്ത സുന്ദരമായി ഉറങ്ങുമ്പോൾ ഞങ്ങൾക്ക് കോലാഹല സുന്ദരമായ ഉറക്കം. അതു ശീലിച്ചുപോയി. ഇപ്പോൾ അതാണിഷ്ടം. ഞാൻ എം.എസ് കോളേജിലെ വലിയ ഘടികാരത്തിലേക്കു നോക്കി സമയം 6.35 ആയി. ഞാൻ എന്റെ കൂടെക്കിടന്നിരുന്ന എല്ലാവരെയും വിളിച്ചുണർത്തി കുറച്ചുകഴിഞ്ഞപ്പോൾ എല്ലാവരും എവിടേയ്ക്കോ ഇറങ്ങിപ്പോയി. ഞാൻ മാത്രം എങ്ങും പോയില്ല. ഹോട്ടൽ തുറക്കുന്നതും കാത്ത് ഞാനിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഹോട്ടൽ തുറന്നു. ആളുകളെ ആരെയും കാണാനില്ല. ആരെങ്കിലും വന്നാലേ എനിക്കും വല്ലതും കഴിക്കാൻ പറ്റൂ. ഞാൻ ഹോട്ടലിന്റെ പുറകിൽപ്പോയി ചവറ്റുകുട്ടയിൽ നോക്കി അതു കാലിയാണ്. വയർ നല്ലപോലെ വിശക്കുന്നുണ്ട്. ഇന്നലെ രാത്രിയും നേരാവണ്ണം ഒന്നും കഴിച്ചില്ല. ഹോട്ടലിന്റെ മുമ്പിലേയ്ക്കു നടന്നു. ആരും വരുന്ന ലക്ഷണമില്ല. ഞാൻ റോഡിലിറങ്ങി എങ്ങോട്ടെന്നില്ലാതെ നടന്നു. റോഡിൽക്കൂടി വാഹനങ്ങൾ ചീറിപ്പാഞ്ഞു പോവുകയാണ്. റോഡ് മറികടക്കാൻ പോലും പറ്റാത്ത വിധത്തിൽ മുമ്പിൽക്കൂടി കുറേ സ്ക്കൂൾ കുട്ടികൾ പോകുന്നുണ്ട്. പുസ്തകവും ബാഗും നല്ല ഉടുപ്പും നിക്കറുമെല്ലാമിട്ട് പോകുന്ന അവരെ കാണുമ്പോൾ എനിക്കസൂയ തോന്നും. അവരെപ്പോലെ സ്ക്കൂളിൽ പോകാൻ കഴിഞ്ഞെങ്കിൽ, പുസ്തകവും ബാഗുമൊക്കെ തൂക്കിക്കൊണ്ട് നടക്കാൻ എന്തു രസമായിരിക്കും! എനിക്കും സ്ക്കൂളിൽ പോകണം ഞാൻ അറിയാതെ ആശിച്ചുപോയി. അങ്ങനെ ആഗ്രഹിച്ചതുകൊണ്ട് എന്തു ഫലം? ആഗ്രഹിക്കാൻ മാത്രമല്ലേ കഴിയൂ. അവർക്കെല്ലാം അച്ഛനും അമ്മയുമുണ്ട്. കഥ പറഞ്ഞു കൊടുക്കാനും, നല്ല ഉടുപ്പും പുസ്തകവുമൊക്കെ വാങ്ങിച്ചു കൊടുക്കാനും, എല്ലാത്തിനും അവരുണ്ട്. പക്ഷെ എനിക്കാരുമില്ലല്ലോ. കുട്ടികൾ നല്ല ഉടുപ്പും നിക്കറുമെല്ലാമിട്ട്, പുസ്തകവും, ബാഗുമൊക്കെ തൂക്കിക്കൊണ്ട് ഗമയിൽ സ്ക്കൂളിൽപ്പോകും. അവരവിടെപ്പോയി എന്തൊക്കെയായിരിക്കും ചെയ്യുക! പഠിക്കുകയും, കളിക്കുകയും എല്ലാം, 'ഹായ്'! എന്തു രസമായിരിക്കും.



എല്ലാവരെയും പോലെ ഒരു ദിവസം ഞാനും സ്ക്കൂളിൽ പോകും. നല്ല ഉടുപ്പും നിക്കറുമെല്ലാമിട്ട്, പുസ്തകവും ബാഗും തൂക്കി, ഗമയിൽ തല ഉയർത്തി ഞാൻ ഈ റോഡിൽക്കൂടി സ്ക്കൂളിൽപ്പോകും. അങ്ങനെ പോകുന്ന എന്നെ എല്ലാവരും നോക്കും, നോക്കി അസൂയപ്പെടും. അപ്പോൾ അവരെയൊന്നും നോക്കാതെ ഞാനങ്ങനെ നടക്കും. ഹായ്! എന്തു രസമായിരിക്കും. അപ്പോൾ 'പക്ഷെ ___' നല്ല ഉടുപ്പും പുസ്തകവുമൊക്കെ ആരുതരും? സ്ക്കൂളിൽപ്പോകുന്ന കുട്ടികൾക്ക് അതെല്ലാം മേടിച്ചുകൊടുക്കാൻ അച്ഛനും അമ്മയുമുണ്ട്, പക്ഷെ എനിക്കാരുണ്ട്? ആരൊക്കെയാ എന്റെ അച്ഛനും അമ്മയും? എന്തിനാ എന്നെ തനിച്ചാക്കിട്ട് അവർ പോയത്? ആരോടെങ്കിലും ചോദിച്ചാലോ? വേണ്ട എനിക്കറിയില്ലെങ്കിൽ, എന്റെ അച്ഛനേയും അമ്മയേയും വേറെ ആർക്കാ അറിയുക? എല്ലാവർക്കും അച്ഛനും അമ്മയുമുണ്ട്. പക്ഷെ കഷ്ടം! എനിക്കു മാത്രം ആരുമില്ല എല്ലാവരും എന്നെ 'അനാഥൻ' എന്നു വിളിക്കുന്നു. മനുഷ്യനെ സൃഷ്ടിച്ചത് ദൈവമാണെന്ന് കേട്ടിട്ടുണ്ട്. അപ്പോൾ അനാഥരെ സൃഷ്ടിച്ചത് ആരാ? ആരായാലും അയാളോട് എനിക്ക് ദേഷ്യമാ. അയാൾക്കറിയാമോ ഞങ്ങളുടെ കഷ്ടപ്പാടുകൾ. അറിയാമായിരിക്കും. അത് അനുഭവിക്കാൻ വേണ്ടി ആയിരിക്കും ആ ദുഷ്ടൻ ഞങ്ങളെ സൃഷ്ടിച്ചത്. അയാളുകാരണം എല്ലാവരും എന്നെ കളിയാക്കുന്നു. അനാഥൻ എന്ന് വിളിക്കുന്നു. എനിക്കു സങ്കടവും ഒപ്പം ദേഷ്യവും വന്നു. ആ ദുഷ്ടന്റെ തലയിൽ ഇടിവാളുവീഴട്ടെ! ഞാൻ മനംനൊന്തു ശപിച്ചു. മുമ്പിൽക്കൂടി കുറേ സ്ക്കൂൾ കുട്ടികൾ പോകുന്നുണ്ട്. അവരോടും എനിക്കു ദേഷ്യമാണ്. എങ്ങനെ തോന്നാതിരിക്കും? അവർക്കെല്ലാം അച്ഛനും അമ്മയുമുണ്ട്. എനിക്കുമാത്രമാരുമില്ല! അവരെല്ലാം എന്നെ അനാഥനെന്നുവിളിക്കുന്നു. വേണ്ട! എനിക്കാരെയും കാണണ്ട, ഞാൻ അനാഥനാണ്! സ്ക്കൂൾ കുട്ടികളെ കാണുമ്പോൾ എനിക്കു ദേഷ്യം വരും. അവരെക്കാണാതിരിക്കാൻ വേണ്ടി ഞാൻ കണ്ണുപൊത്തി. എന്തോ ബഹളം കേട്ട് ഞാൻ കണ്ണുതുറന്നു. ഹോട്ടലിലെ ചവറ്റുകുട്ടയിൽ വീണ എച്ചിലിനു വേണ്ടി കുറേ കുട്ടികൾ ബഹളം വയ്ക്കുകയാണ്. അവരെക്കണ്ടപ്പോൾ എനിക്കു സന്തോഷമായി, ഞാൻ മാത്രമല്ലല്ലോ ഈ ലോകത്ത് അനാഥർ, അവർക്കും ആരുമില്ല എന്നെപ്പോലെ ആരുമില്ലാത്ത 'അനാഥർ'!

◆

അന്നത്തെ നിന്ദിക്കരുത്,
കാരണം അന്നം ബ്രഹ്മമാണ്.
അന്നത്തിൽ നിന്ന് ജീവൻ,
ജീവനിൽ നിന്ന് മനസ്സ്,
മനസ്സിൽ നിന്ന് വിജ്ഞാനം,
വിജ്ഞാനത്തിൽ നിന്ന് ആനന്ദം.

- തൈത്തരീയോപനിഷത്ത്

ലേഖനം

# ഒരു ഉത്തരേന്ത്യൻ ഡയറി



അശോക് സി.എം.
റോൾനമ്പർ : 3056, ക്ലാസ്സ് XI.

ഭീകരതയുടേയും, ദുഷ്ടതയുടേയും ഈ ലോകത്ത് നല്ലതിനുവേണ്ടി കുറച്ചു സമയം നമ്മൾ ചെലവാക്കുന്നു. ബാക്കി സമയം നാം വെറുതേ പാഴാക്കുന്നു. ആ ബോറടിയുടേയും സംഘർഷങ്ങളുടേയും സമയങ്ങളിൽ നിന്നും മുക്തി നേടാനും, മനസ്സിന് പൂർണ്ണമായും സന്തോഷം പകരാനും ഒരു വിനോദയാത്രയ്ക്കു കഴിഞ്ഞേക്കും. സന്തോഷത്തിന്റേയും, സ്നേഹത്തിന്റേയും ഒരു ലോകം വിനോദയാത്രയിൽ കൂടി നമുക്കു ലഭിക്കും. ശാശ്വതമായ സ്വർഗ്ഗമാണ് വിനോദയാത്ര. ഇവ മാനസിക പിരിമുറുക്കങ്ങൾക്ക് ഒരു പരിധിവരെ മോചനത്തിനുള്ള ഉപാധി കണ്ടെത്തുന്നു. എന്നെപോലെയുള്ള കുട്ടികൾക്ക് ഒരു വിനോദയാത്ര എന്നത് ജീവനാണ്. വിനോദയാത്രകളെപ്പറ്റി കേൾക്കാനും വളരെ ഇഷ്ടമാണ്. അതിനാൽ ഇതാ ഒരു യാത്രാവിവരണം.

